സി.ജി(2) 16938/15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 21.04.2015

Email : : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 22/2015

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം-മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന:
1) 12.11.2009 ലെ സ.ഉ.(അച്ചടി) 100/09/പജപവവിവ നമ്പർ ഉത്തരവ്
2) സഹകരണ സംഘം രജിസ്ട്രാറുടെ 61/09, നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശം .
3) 10.12.2013 ലെ സ.ഉ.(അച്ചടി) 99/2013/പജപവവിവ നമ്പർ ഉത്തരവ്
4) സഹകരണ സംഘം രജിസ്ട്രാറുടെ 6/14 നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശം
5) 30.03.2015 ലെ സ.ഉ(അച്ചടി)24/15/പജപവവിവ/ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നൽകിയിരുന്നു.

മേൽ പരാമർശ ഉത്തരവിലൂടെ പുറപ്പെടുവിച്ച പദ്ധതിയ്ക്ക് കൂടുതൽ പ്രയോജനം വരത്തക്കവിധം വായ്പ തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണിച്ച് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പാ കുടിശ്ശികയിന്മേൽ സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും, വായ്പ തുകയുടെ പരിധിയും സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 25000/-രൂപയിൽ നിന്ന് 50,000/-രൂപയായി വർദ്ധിപ്പിച്ച് സൂചന (3) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (4) പ്രകാരവും സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു.

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ

കൾ എഴുതി തള്ളുന്നതിന് സൂചന(5) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 31/03/2010-ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1 ലക്ഷം രൂപവരെ സർക്കാർ വഹിക്കുന്നതാണ്. പിഴപ്പലിശ, കുടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റെ തന്നെ ബാദ്ധ്യതയായിരിക്കും, പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനംലഭ്യമാകുന്നതാണ്.
2) വാർഷിക കുടുംബ വരുമാനം ഒന്നര ലക്ഷം രൂപ വരെയുള്ളവർക്കു മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനൂകൂല്യം ലഭിക്കുകയുള്ളു.
3) ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനൂകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളു.
4) ഈ പദ്ധതി പ്രകാരമുള്ള ആനൂകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട സഹകരണ സംഘത്തിൽ ഹാജരാക്കേണ്ടതാണ്.
5) ഈ പദ്ധതി പ്രകാരമുള്ള ആനൂകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31.03.2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളു.
6) വായ്പക്കാരൻ വായ്പ എടുത്ത സമയത്ത് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്ത പക്ഷം അവ ഹാജരാക്കേണ്ടതാണ്. എന്നാൽ പട്ടികജാതി സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ടി പദ്ധതി ആനുകൂല്യത്തിനായി സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
7) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം 31/5/15 നകം ഒന്നായോ, തവണകളായോ അടയ്ക്കേണ്ടതാണ്. ഇപ്രകാരം ടി തീയതിയ്ക്കകം തുക അടച്ചു തീർക്കുന്ന വായ്പകൾക്ക് മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടാകൂ.

സംഘം/ബാങ്ക് ഭരണസമിതി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമാ മാതൃകയിൽ തയ്യാറാക്കിയ പട്ടിക സാക്ഷ്യപ്പെടുത്തി 10.6.15 ന് മുമ്പായി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും, ടിയാൻ പ്രീ-ആഡിറ്റ് പരിശോധനകൾക്ക് ശേഷം പട്ടികകൾ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് (ആഡിറ്റ്) 25/6/15 നകം സമർപ്പിയ്ക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) അർഹത ഉറപ്പ് വരുത്തിയ ശേഷം പട്ടികകൾ തുടർ പരിശോധനയ്ക്ക് സൂക്ഷിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് 30/6/15-ന് മുമ്പായി നൽകേണ്ടതുമാണ്. ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത

വായ്പകൾക്കും, സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകൾക്കും പ്രത്യേകം പ്രത്യേകം പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആനുകൂല്യ പട്ടികകളുടെ അർഹത ഉറപ്പ് വരുത്തി ഓരോ സംഘത്തിനും/ബാങ്കിനും ആനുകൂല്യമായി ലഭിക്കേണ്ട വായ്പകളുടെ എണ്ണവും, തുകയും അടങ്ങിയ സംക്ഷിപ്തം പ്രത്യേകം പ്രത്യേകം തയ്യാറാക്കിയത് (2 പ്രോഫോർമകളിലായി) 10.7.15-ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ആനുകൂല്യത്തിന് അർഹതയുള്ള ആരും പട്ടികയിൽ നിന്നും ഒഴിവായിട്ടില്ലായെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണസമിതിയും വകുപ്പുതല ഉദ്യോഗസ്ഥൻമാരും ഉറപ്പാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
**എസ്.ലളിതാംബിക ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്:-</u>

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ
5. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. സ്റ്റോക്ക് ഫയൽ/സ്പെയർ.
15. വെബ്സൈറ്റ്

## പ്രൊഫോർമ – പട്ടിക ജാതി കടാശ്വാസം
## അനുബന്ധം – എ – ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകൾ

**സംഘത്തിന്റെ/ബാങ്കിന്റെ പേര്**

| ക്രമ നം | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം/SC | വായ്പക്കാരന്റെ മേൽവിലാസം | പലിശ സംഘത്തിന്/ബാങ്കിന് ലഭിക്കേണ്ടത് | വായ്പാ നമ്പർ | അസ്സൽ മുതൽ തുക | 31.3.2010 ലെ കുടിശ്ശിക തുക | സർക്കാർ ബാധ്യത | | | സംഘം/ബാങ്ക് ബാധ്യത | | | വായ്പക്കാരന്റെ ബാധ്യത 31.03.2015 ൽ | വായ്പക്കാരന്റെ വാർഷിക വരുമാനം(വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയത്) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 31.3.2015 ലെ കുടിശ്ശിക മുതൽ | 31.3.2015 -ൽ കുടിശ്ശിക പലിശ | ആകെ | പിഴ പലിശ | മറ്റ് ചിലവുകൾ | സംഘത്തിന്റെ ആകെ ബാദ്ധ്യത | | |
| | | | | | | | | | | | | | | | |

**സഹകരണ സംഘം ആഡിറ്റർ, പേര് ഒപ്പ്,**

**സംഘം/ബാങ്ക് സെക്രട്ടറി പേര് ഒപ്പ്**

**താലൂക്ക് അസി.ഡയറക്ടർ (ആഡിറ്റ്) പേര് ഒപ്പ്,**

**സംഘം/ബാങ്ക് പ്രസിഡന്റ് പേര് ഒപ്പ്**

**ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) പേര് ഒപ്പ്,**

## പ്രൊഫോർമ പട്ടിക ജാതി കടാശ്വാസം
## അനുബന്ധം – ബി – സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകൾ

**സംഘത്തിന്റെ/ബാങ്കിന്റെ പേര്**

| ക്രമ നം | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം/SC | വായ്പക്കാരന്റെ മേൽ വിലാസം | പലിശ സംഘത്തിന്/ബാങ്കിന് ലഭിക്കേണ്ടത് | വായ്പാ നമ്പർ | അസ്സൽ മുതൽ തുക | 31.3.2010 ലെ കുടിശ്ശിക തുക | സർക്കാർ ബാധ്യത | | | സംഘം/ബാങ്ക് ബാധ്യത | | | വായ്പക്കാരന്റെ ബാധ്യത 31.03.2015 ൽ | വായ്പക്കാരന്റെ വാർഷിക വരുമാനം(വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയത്) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 31.3.2015 ലെ കുടിശ്ശിക മുതൽ | 31.3.2015 -ൽ കുടിശ്ശിക പലിശ | ആകെ | പിഴ പലിശ | മറ്റ് ചിലവുകൾ | സംഘത്തിന്റെ ആകെ ബാദ്ധ്യത | | |
| | | | | | | | | | | | | | | | |

**സഹകരണ സംഘം ആഡിറ്റർ, പേര് ഒപ്പ്, സംഘം/ബാങ്ക് സെക്രട്ടറി പേര് ഒപ്പ്**

**താലൂക്ക് അസി.ഡയറക്ടർ (ആഡിറ്റ്) പേര് ഒപ്പ്, സംഘം/ബാങ്ക് പ്രസിഡന്റ് പേര് ഒപ്പ്**

**ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) പേര് ഒപ്പ്**